"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - 'ആത്മനിർഭർ പഞ്ചായത്ത് പ്രോഗ്രാം' - സംസ്ഥാനത്ത് സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനും ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിനുമായി സംസ്ഥാനതല സമിതി (State Level Committee) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1520/2026/LSGD തീയതി,തിരുവനന്തപുരം, 13-08-2026

---

പരാമർശം:- (1) 30.06.2026 തീയതിയിലെ പഞ്ചായത്തീരാജ് മന്ത്രാലയ ജോയിന്റ് സെക്രട്ടറിയുടെ എം.11011/3/2026-എഫ്ഡി നമ്പർ കത്ത്.

(2) 23.07.2026 തീയതിയിലെ റൂറൽ ഡയറക്ടറുടെ എൽഎസ്ജിഡി/പിഡി/20563/2026-DPLC1 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ പഞ്ചായത്തുകളെ കൂടുതൽ സ്വാശ്രയത്വത്തിലേക്ക് നയിക്കുക, പ്രാദേശിക സാമ്പത്തിക വികസനം ശക്തിപ്പെടുത്തുക, സുസ്ഥിര വികസന മാതൃകകൾ പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം നടപ്പിലാക്കുന്ന ഒരു മുൻനിര പദ്ധതിയാണ് **'ആത്മനിർഭർ പഞ്ചായത്ത് പ്രോഗ്രാം'.** പഞ്ചായത്തുകളെ സാമ്പത്തികമായി സ്വതന്ത്രമാക്കാനും വികസനോന്മുഖമാക്കാനും അതുവഴി സുസ്ഥിരമായ ഗ്രാമീണ സമൂഹങ്ങളെ കെട്ടിപ്പടുക്കാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ആത്മനിർഭർ പഞ്ചായത്ത് പദ്ധതിയുടെ സമഗ്ര ആസൂത്രണം, നടപ്പാക്കൽ, മേൽനോട്ടം, ഏകോപനം എന്നിവയുടെ ചുമതല പഞ്ചായത്തിരാജ് മന്ത്രാലയത്തിനാണ്.

2) 'ആത്മനിർഭർ പഞ്ചായത്ത് പ്രോഗ്രാം' സംസ്ഥാനത്ത് സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനും ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിനുമായി സംസ്ഥാന നോഡൽ ഓഫീസറെ നിയമിക്കുന്നതിനൊപ്പം KCZMA, ടൂറിസം, കുടുംബശ്രീ, ഐ.കെ.എം. എന്നീ

വിഭാഗങ്ങളിലെ പ്രതിനിധികളെയും, NABARD, HUDCO, KURDFC എന്നീ ധനകാര്യസ്ഥാപനങ്ങളിലെ പ്രതിനിധികളെയും കൂടി ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ഒരു സമിതി (State Level Committee) രൂപീകരിക്കുന്നതിനായി റൂറൽ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **'ആത്മനിർഭർ പഞ്ചായത്ത് പ്രോഗ്രാം'** സംസ്ഥാനത്ത് സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനും ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിനുമായി ചുവടെ ചേർത്തിട്ടുള്ള പ്രകാരം സംസ്ഥാനതലത്തിൽ ഒരു സമിതി (State Level Committee) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് - ചെയർപേഴ്സൺ

ii. റൂറൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് - കൺവീനർ

iii. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്

iv. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

v. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

vi. ചീഫ് എൻജിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്

vii. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ,ടൂറിസം വകുപ്പ്

viii. മെമ്പർ സെക്രട്ടറി/പ്രതിനിധി, KCZMA

ix. പ്രതിനിധികൾ - NABARD, HUDCO, KURDFC

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാനവാസ് എസ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയം ഭരണ വകുപ്പ്

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ചീഫ് എൻജിനീയർ തദ്ദേശ സ്വയം ഭരണ വകുപ്പ്.

ഡയറക്ടർ/അഡീഷണൽ ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, KCZMA, തിരുവനന്തപുരം.

ചെയർമാൻ, NABARD, തിരുവനന്തപുരം.

ചെയർമാൻ, HUDCO.

മാനേജിംഗ് ഡയറക്ടർ, KURDFC, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ (ഫയൽ നം. LSGD -EM1/159/2026-LSGD).

ഉത്തരവിൻ പ്രകാരം

Digitally signed by
Ajith Kumar K A
Date: 14-08-2026
11:21:53

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.